

# എമ്മാവൂസ് വചനദൂത്

ഏലിയാ സ്ലീവാ മൂശാക്കാലം
6-ാം ഞായർ
Vol. IX Issue 19

നിയമാ. 9: 13-24, ഏശയ്യാ 26:1-11, ഫിലി. 4:4-9, മത്തായി 15:21-28

ബ്ര. ജോസഫ് കൊല്ലംപറമ്പിൽ

**ആ**രാധാനാക്രമവത്സരത്തിൽ സ്ലീവായെ കേന്ദ്രമാക്കി യുഗാന്ത്യോന്മുഖമായി ജീവിക്കാൻ സഭ വിശ്വാസികളോട് ആഹ്വാനം ചെയ്യുന്ന കാലത്ത്, നമ്മുടെ വിചിന്തനത്തിനായി സഭ നൽകുന്ന ആദ്യ വചനവായന-നിയമാ. 9:13-24. ഇവിടെ ദൈവം തന്റെ പരിപാലനയിൽ മോശയുടെ നേതൃത്വത്തിൽ വാഗ്ദത്തനാട്ടിൽ പ്രവേശിച്ച ഇസ്രായേൽ ജനം എങ്ങനെ ദൈവത്തിന്റെ പരിശുദ്ധിക്ക് ചേർന്ന വിധം ജീവിക്കണമെന്ന് ഉപദേശിക്കുകയാണ്. അനുസരണം അനുഗ്രഹത്തിലേയ്ക്കും, തിരസ്ക്കരണം ശിക്ഷയിലേയ്ക്കും നയിക്കും എന്ന് ആവർത്തിച്ച് പറഞ്ഞുവയ്ക്കുന്നു. പലപ്പോഴായി ദൈവത്തെ മറന്ന് യാത്രചെയ്യുന്ന ഇസ്രായേൽ ജനവും ദൈവത്തിന് ബലിയർപ്പിക്കേണ്ട പുരോഹിതരും തിന്മയിലേയ്ക്ക് പോവുകയും മോശയുടെ മാധ്യസ്ഥത്തിന്റെ ശക്തിയാൽ രക്ഷ പ്രാപിക്കുകയും ചെയ്യുന്ന രംഗമാണ് നമുക്ക് കാണുവാൻ സാധിക്കുക. അശുദ്ധിയും വിശുദ്ധിയും നിശ്ചയിക്കുന്നത് ദൈവമാണ്. ദൈവത്തോട് ചേർന്ന് ജീവിക്കുമ്പോൾ വിശുദ്ധിയിലും, ദൈവത്തിൽ നിന്ന് അകലുമ്പോൾ അശുദ്ധിയിലും ജീവിക്കുന്നു. ദൈവത്തോട് ചേർന്നു ജീവിച്ച് വിശുദ്ധിയും രക്ഷയും നേടുവാൻ നിയമാവർത്തന പുസ്തകം ആഹ്വാനം ചെയ്യുന്നു.

രണ്ടാമത്തെ വായനയിൽ ഇസ്രായേൽ ജനം നീതിനിഷ്ഠമായി ജീവിക്കേണ്ടുന്നതിന്റെ പ്രാധാന്യത്തെപ്പറ്റി ഏശയ്യാപ്രവാചകൻ പറയുന്നു. ഇസ്രായേലിന്റെ സംരക്ഷകനായ യേശു തന്നെയാണ് ജനത്തിന് ശാന്തിയും സമാധാനവും നൽകുന്നതെന്ന് ജനത്തെ ഓർമ്മപ്പെടുത്തുന്നു. അതിനാൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേൽ, ദൈവത്തെ ആശ്രയിക്കുകയും വിശ്വസിക്കുകയും ചെയ്യണമെന്ന് പ്രവാചകരിലൂടെ ദൈവം പറയുന്നു.

പലതരത്തിൽ ഭിന്നതയിലായിരുന്ന ഫിലിപ്പിയായിലെ സഭാസമൂഹത്തോട് ഏകമനസ്സോടെ വ്യാപരിക്കുവാൻ പൗലോസ്ശ്ലീഹാ ആഹ്വാനം ചെയ്യുന്നതാണ് മൂന്നാമത്തെ വായന. ബന്ധങ്ങളിൽ ഉണ്ടാകുന്ന വിള്ളലുകൾ പരിഹരിച്ച് പരസ്പര സ്നേഹത്തോടും ഏകമനസ്സോടും പ്രാർത്ഥനയോടും കൂടെ ആയിരിക്കാനും എപ്പോഴും കർത്താവിൽ ആനന്ദിക്കുവാനും പൗലോസ്ശ്ലീഹാ ലേഖനത്തിലൂടെ നമ്മോട് പറഞ്ഞുവയ്ക്കുന്നു.

ദൈവിക വെളിപാടുകളും രക്ഷയും തങ്ങളുടെ മാത്രം കുത്തകയാണെന്ന് വിശ്വസിച്ചിരുന്ന യഹൂദരുടെ പശ്ചാത്തലത്തിലാണ് കാനാൻകാരിയുടെ ആഗ്രഹം നിറവേറ്റി അവളുടെ പുത്രിയെ സുഖപ്പെടുത്തുക എന്ന കർമ്മം യേശു ചെയ്തത്. യേശു എല്ലാവർക്കും ഒരുപോലെ രക്ഷ നൽകുന്ന കാഴ്ച്ചയാണ് അവിടെ. യഹൂദനെന്നോ വിജാതീയനെന്നോ നോക്കുന്നില്ല. ആന്തരികവും ബാഹ്യവുമായ വിശുദ്ധിയെക്കുറച്ചുള്ള ചർച്ചയ്ക്കു ശേഷമാണ് മത്തായി സുവിശേഷകൻ കാനാൻകാരിയെ അവത

രിപ്പിക്കുക. യഹൂദരും വിജാതീയരുമെല്ലാം ഒരു പോലെ ദൈവത്തിന്റെ വിശുദ്ധിയിലേയ്ക്ക് വിളിക്കപ്പെട്ടിരിക്കുന്നു എന്ന് ഈ സംഭവം സാക്ഷ്യപ്പെടുത്തുന്നു.

മത്തായിയുടെ സുവിശേഷത്തിൽ യേശു യഹൂദരുടെ അതിർത്തിക്ക് പുറത്ത് ആദ്യമായി ചെയ്യുന്ന സംഭവമാണിത്. ടയിർസീദോൻ പ്രദേശത്ത് എത്തിയപ്പോൾ വിജാതീയയായ കാനാൻകാരി തന്റെ പുത്രിയെ ബാധിച്ചിരിക്കുന്ന അശുദ്ധാത്മാവിൽ നിന്ന് സുഖപ്പെടുത്തണമെന്ന അപേക്ഷയുമായാണ് യേശുവിന്റെ അടുത്തേക്ക് കടന്നു വരിക. എന്നാൽ ഈശോ അവളോട് ഒരു നിസ്സംഗമനോഭാവമാണ് പുലർത്തുക. ശിഷ്യന്മാർ അവൾക്കു വേണ്ടി ഈശോയോട് സംസാരിക്കുന്നെങ്കിലും, അവരുടെ വാക്കുകൾക്ക് ഈശോ ചെവി കൊടുക്കുന്നില്ല. എന്നാൽ അവസാന ഭാഗത്തെത്തുമ്പോൾ അവളുടെ വിശ്വാസത്തെ പ്രശംസിക്കുകയും മകളെ സുഖപ്പെടുത്തുകയും ചെയ്യുന്നു. തന്റെ മകളുടെ സൗഖ്യത്തിന് വേണ്ടിയുള്ള ആ അമ്മയുടെ യാചനയിൽ നാല് കാര്യങ്ങൾ കാണുവാൻ കഴിയും.

ഒന്നാമതായി രക്ഷകനെ തിരിച്ചറിയുക എന്നതാണ്. ദാവീദിന്റെ വംശത്തിൽ നിന്ന് തങ്ങൾക്കായി ഒരു രക്ഷകൻ വരുമെന്ന് ഉറച്ച്, വിശ്വസിച്ച് പ്രതീക്ഷിച്ചിരുന്ന യഹൂദർക്ക് തങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ട രക്ഷകനെ തിരിച്ചറിയുവാൻ കഴിയാതെ പോകുന്നു. എന്നാൽ വിജാതീയ സ്ത്രീ ഈശോയെ അഭിസംബോധന ചെയ്യുന്നത് പോലും "ദാവീദിന്റെ പുത്രാ" എന്നാണ്. കാനാൻ കാരി ഈശോ ആരെന്ന് തിരിച്ചറിയുകയും അവനാണ് ലോകത്തിന് രക്ഷ നൽകാൻ വന്നിരിക്കുന്നതെന്നും, അവന് തന്റെ മകളെ സുഖപ്പെടുത്താനാകും എന്ന ബോധ്യവും ഉണ്ടായിരുന്നു.

രണ്ടാമതായി നമുക്ക് കാണുവാൻ സാധിക്കുക അവളിലുണ്ടായിരുന്ന ഉറച്ച വിശ്വാസമാണ്. നമുക്ക് ഒരാളിൽ എത്രമാത്രം വിശ്വാസമുണ്ടോ അത്രമാത്രം അനുഗ്രഹം അവനിൽ നിന്ന് സ്വന്തമാക്കുവാൻ സാധിക്കും എന്നതിന്റെ ഉത്തമ തെളിവാണ് കാനാൻകാരി സ്ത്രീ. ഈശോ പല ന്യായങ്ങളും പറഞ്ഞ് ഒഴിയാൻ ശ്രമിക്കുന്നതായി വചനത്തിൽ കാണുവാൻ സാധിക്കും. എന്നാൽ ഈശോയെപ്പോലും അത്ഭുതപ്പെടുത്തുന്ന അവളുടെ വിശ്വാസം അവൾക്ക് അനുഗ്രഹമായിത്തീരുന്നു. വിശ്വസിച്ചാൽ എത്ര വലിയ പ്രതിസന്ധിയെയും തരണം ചെയ്യാനും അനുഗ്രഹം പ്രാപിക്കാനും സാധിക്കും എന്ന് ഈ വചനഭാഗം കാണിച്ചുതരുന്നു. ഈശോ തന്നെ പറയുന്നുണ്ട് 'നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട് ഇവിടെ നിന്ന് മാറി കടലിൽ പതിക്കാൻ പറഞ്ഞാൽ അത് സംഭവിക്കും' എന്ന്.

മൂന്നാമതായി കാണുവാൻ കഴിയുക നിരന്തരം പ്രാർത്ഥിക്കുക എന്നതാണ്. അവൾ ഈശോയ്ക്ക് മുമ്പിൽ ഒന്നോ രണ്ടോ തവണയല്ല തന്റെ മകളെ സുഖപ്പെടുത്തണമേ എന്ന് യാചിച്ചത് പല തവണയാണ്. അതുകൊണ്ടാണ് ശല്യം മാറട്ടെ എന്ന രീതിയിൽ ശിഷ്യന്മാർ പോലും ഇട പെടുന്നത്. മടുപ്പ് തോന്നാതെ തന്റെ മുമ്പിൽ വിളി ച്ചപേക്ഷിക്കുന്നവരുടെ നേരെ ചെവിയടയ്ക്കാൻ ദൈവത്തിന് സാധിക്കില്ല എന്നതിന്റെ വ്യക്തമായ ഒരുദാഹരണമാണ് കാനാൻകാരിയുടെ സംഭവം. ന്യായാധിപന്റെ മുമ്പിൽ നീതിക്കായി വരുന്ന ഒരു വിധവയുടെ ഉപമ ഈശോ തന്നെ പറയുന്നുണ്ട്. അവളുടെ ശല്യം സഹിക്കാനാവാതെ ന്യായാധിപൻ ന്യായം നടത്തിക്കൊടുക്കുന്നു. അതുപോലെ, തന്നെ വിളിച്ച് കരയുന്നവർക്ക് അനുഗ്രഹം കൊടുക്കാതിരിക്കാൻ ദൈവത്തിന് കഴിയില്ല എന്ന് കാ നാൻകാരിയുടെ മകളെ സുഖപ്പെടുത്തുന്നതു കൊ ണ്ട് ഈശോ തെളിയിക്കുന്നു. ചോദിക്കുന്നവന് മാ ത്രമേ ലഭിക്കൂ അന്വേഷിക്കുന്നവൻ മാത്രമേ കണ്ടെത്തൂ. മുട്ടുന്നവന് മാത്രമേ തുറന്ന് കിട്ടൂ.

നാലാമതായി കാണുവാൻ കഴിയുക മാദ്ധ്യസ്ഥത്തിന്റെ ശക്തിയാണ്. കാനാൻകാരി സ്ത്രീ കരഞ്ഞ് പ്രാർത്ഥിച്ചത് അവൾക്കു വേണ്ടിയല്ല മറിച്ച് അവളുടെ മകളുടെ സൗഖ്യത്തിനു വേണ്ടിയാണ്. അവളുടെ വിശ്വാസവും മാദ്ധ്യസ്ഥവും അവളുടെ മകൾക്ക് സൗഖ്യത്തിന് വഴിയൊരുക്കി. ഇതിന് സമാനമായ ഒരു ഉദാഹരണം നമുക്ക് വി. അഗസ്റ്റിന്റെ ജീവിതത്തിൽ കാണുവാൻ സാധിക്കും. മോനിക്കാ പുണ്യവതി തന്റെ മകന്റെ മാനസാന്തരത്തിനായി കരഞ്ഞ് പ്രാർത്ഥിച്ചപ്പോൾ അത് അഗസ്റ്റിന്റെ മാനസാന്തരത്തിനു കാരണമായി. അതുപോലെ പലരും മറ്റുള്ളവരുടെ മാദ്ധ്യസ്ഥത്തിന്റെ ശക്തിയാൽ അനുഗ്രഹിക്കപ്പെടുന്നത് കാണുവാൻ കഴിയും. ഒന്നാം വായനയിൽ നാം കാണുകയുണ്ടായത് ഇതു തന്നെയാണ്. ഇസ്രായേലിന് വേണ്ടി മാദ്ധ്യസ്ഥം വഹിച്ച മോശ.

ദൈവത്തോട് ചേർന്നു നിൽക്കുമ്പോൾ ദൈവത്തിന്റെ വിശുദ്ധിയോടാണ് ചേർന്ന് നിൽക്കുന്നതെന്ന് നിയമാവർത്തനം നമുക്ക് പറഞ്ഞു തരുമ്പോൾ പ്രവാചകൻ പറഞ്ഞുതരിക, ദൈവത്തോട് ചേർന്നു നിൽക്കുമ്പോൾ ശാന്തിയും സമാധാനവും ലഭിക്കും എന്നാണ്. പൗലോസ്ശ്ലീഹാ ഓർമ്മപ്പെടുത്തുന്നതും ഇതു തന്നെയാണ്. ദൈവത്തോട് ചേർന്ന് പരസ്പരം സ്നേഹത്തിലും ഐക്യത്തിലും വളരുവാൻ. സുവിശേഷം ഇതിന്റെ എല്ലാം പൂർത്തീകരണം കാനാൻകാരി സ്ത്രീയിലൂടെ വരച്ച് കാട്ടുന്നു. ദൈവത്തോട് ചേർന്ന് നിൽക്കാനും അനുഗ്രഹം നേടാനും നമുക്ക് പ്രാർത്ഥിക്കാം.